# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

തൈക്കാട് തിരുവനന്തപുരം-14

## ജോയിന്റ് ഡയറക്ടറുടെ നടപടി ക്രമം

**(ഹാജർ: സുനിൽ ജേക്കബ്)**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം- വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ സ്ഥലംമാറ്റം-ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ശ്രീമതി. പി.പി സുനിത, വർക്ക്ഷോപ്പ് അറ്റന്ററുടെ 19/9/11ലെ അപേക്ഷ
2. ശ്രീ. ആർ. ശ്രീകുമാർ, വർക്ക്ഷോപ്പ് അറ്റന്ററുടെ 7/10/11ലെ അപേക്ഷ
3. ശ്രീ. റ്റി.മനോജ്കുമാർ, വർക്ക്ഷോപ്പ് അറ്റന്ററുടെ 18/08/11 ലെ അപേക്ഷ
4. സ.ഉ.ന.(എം.എസ്)4/61/പി.ഡി. തീയതി 2/01/1961
5. സ.ഉ.ന (പി)12/04/പി &എ.ആർ.ഡി തീയതി 10/09/04

## ഉത്തരവ് നമ്പർ എ6/25600/10 തീയതി 2/12/11

പരാമർശം (1) (2) (3) പ്രകാരം ഈ വകുപ്പിലെ ചുവടെ ചേർക്കുന്ന വർക്ക്ഷോപ്പ് അറ്റന്റർമാർ സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥലം | സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| 1 | ശ്രീമതി. പി.പി. സുനിത | ഐ.ടി.ഐ. ആര്യനാട് | ഐ.ടി.ഐ. കണ്ണൂർ |
| 2 | ശ്രീ. ആർ. ശ്രീകുമാർ | ഐ.ടി.ഐ. കുറുമാത്തൂർ | ഐ.ടി.ഐ. കൊല്ലം |
| 3 | ശ്രീ. റ്റി മനോജ്കുമാർ | ഐ.ടി.ഐ. കൊല്ലം | ഐ.ടി.ഐ. ആര്യനാട് |

ടി ഉദ്യോഗസ്ഥരുടെ അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി പി.പി സുനിത, തിരുവനന്തപുരം ജില്ലാ പി.എസ്സ്.സി ഡി.ആർ.ബി. നിയമിതയാണ്. ടിയാൾ 8/8/2006ൽ ആണ് തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐ ആര്യനാടിൽ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചത്. ടിയാൾ 7/8/11 ൽ ജില്ലയിൽ 5 വർഷം സേവനം പൂർത്തിയാക്കി. പാര 4 സർക്കാർ ഉത്തരവ് പ്രകാരം സീനിയോരിറ്റി നഷ്ടപ്പെടുത്തി സ്ഥലം മാറ്റം ലഭിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. ടിയാളുടെ അപേക്ഷ പരിശോധിക്കുകയും, സഹതാപാർഹമായ പരിഗണനയ്ക്ക് അർഹയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാൾക്ക് സ്വന്തം ജില്ലയായ കണ്ണൂരിലേയക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ സീനിയോരിറ്റി കണ്ണൂർ ജില്ലയിൽ ജോലിയ്ക്ക് ചേരുന്ന മുറയ്ക്ക് ടി ജില്ലയിലെ ഇലക്ട്രോണിക്ക് മെക്കാനിക്ക് ട്രേഡിൽ ഇതിനകം നിയമിക്കപ്പെട്ടിട്ടുളള വർക്ക് ഷോപ്പ് അറ്റന്ററുടെ ജൂനിയറായി നിശ്ചയിക്കപ്പെടുന്നതാണ്. ആയതിനാൽ ഇലക്ട്രോണിക്ക് മെക്കാനിക്ക് ട്രേഡിലെ വർക്ക്ഷോപ്പ് അറ്റന്റർമാരെ സ്ഥലം മാറ്റി ചുവടെ ചേർക്കുംവിധം നിയമിച്ചു ഉത്തരവ് ആകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് & തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥലം | റിമാർക്ക് |
|---|---|---|---|---|
| 1 | പി.പി.സുനിത, വർക്ക്ഷോപ്പ് അറ്റന്റർ | ഐ.ടി.ഐ ആര്യനാട് | ഐ.ടി.ഐ. കണ്ണൂർ | അപേക്ഷ |
| 2 | ശ്രീ. അർജുനൻ. പി. വർക്ക്ഷോപ്പ് അറ്റന്റർ | ഐ.ടി.ഐ. കണ്ണൂർ | ഐ.ടി.ഐ. കുറുമാത്തൂർ | സുനിതയ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനായി. |
| 3 | ശ്രീ. ആർ. ശ്രീകുമാർ | ഐ.ടി.ഐ. കുറുമാത്തൂർ | ഐ.ടി.ഐ. കൊല്ലം | അപേക്ഷ |
| 4 | ശ്രീ. റ്റി .മനോജ്കുമാർ | ഐ.ടി.ഐ. കൊല്ലം | ഐ.ടി.ഐ. ആര്യനാട് | അപേക്ഷ |

സ്ഥലം മാറ്റം നൽകി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്ന തീയതിയും , സേവനത്തിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട ആഫീസ് മേധാവികൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായുള്ള യാത്രാ ബത്തയ്ക്കും, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള സമയ പരിധിയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്:

ഉദ്യോഗസ്ഥർക്ക്

(മേലധികാരി മുഖാന്തിരം)

പകർപ്പ്

1. എല്ലാ സബ് ആഫീസ് മേധാവികൾക്കും
2. ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി എന്നിവരുടെ സി. എമാർക്ക്
3. എസ്സ്. എസ്സ് (എ)
4. സ്റ്റോക്ക് ഫയൽ